**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങളിൽ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനത്തിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ ആളുകൾക്ക് വന്യമൃഗാക്രമണം മൂലം മരണം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംഭവിച്ചിട്ടുണ്ട് .നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മെയ് മുതൽ 31/01/2025 വരെ കേരളത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 27 പേർ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്ക് നാളിതുവരെ 230.25 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുള്ളു. ഇവരിൽ ആറ് പേരുടെ അനന്തരാവകാശികൾക്ക് തുക ഭാഗികമായി മാത്രമേ നൽകിയിട്ടുള്ളൂ. ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഇവർക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്. കൂടാതെ മരണപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് സാദ്ധ്യമാകുന്നയിടങ്ങളിൽ എഫ്.ഡി.എ., വി.എസ്.എസ്., ഇ.ഡി.സി. എന്നിവ മുഖാന്തിരം താൽക്കാലിക ജോലി നൽകിവരുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും ഇങ്ങനെ മരിച്ചവരുടെ ബന്ധുകൾക്ക് എന്തെല്ലാം സാമ്പത്തിക സഹായം ഉൾപ്പടെ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; പ്രസ്തുത സഹായത്തിന് അപേക്ഷിച്ചിട്ടും നൽകാൻ കഴിയാത്തത് എത്ര പേർക്കാണെന്ന് വിശദമാക്കാമോ? | (ബി) | സംഭവിച്ചിട്ടുണ്ട് .നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മെയ് മുതൽ 31/01/2025 വരെ കേരളത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 27 പേർ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്ക് നാളിതുവരെ 230.25 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുള്ളു. ഇവരിൽ ആറ് പേരുടെ അനന്തരാവകാശികൾക്ക് തുക ഭാഗികമായി മാത്രമേ നൽകിയിട്ടുള്ളൂ. ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഇവർക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്. കൂടാതെ മരണപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് സാദ്ധ്യമാകുന്നയിടങ്ങളിൽ എഫ്.ഡി.എ., വി.എസ്.എസ്., ഇ.ഡി.സി. എന്നിവ മുഖാന്തിരം താൽക്കാലിക ജോലി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ